പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4095

26.06.2013 ൽ മറുപടിക്ക്

## കല്ലട ഇറിഗേഷൻ പ്രോജക്ടിൽ ഉൾപ്പെട്ട കനാലിന്റെ നിർമ്മാണം

| | ചോദ്യം<br>ശ്രീ. ജി.എസ്.ജയലാൽ | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ പരവൂർ ഡിസ്ട്രിബ്യൂട്ടറിയിൽ ചിറക്കരത്താഴം ഭാഗത്ത് 23-ാം കിലോമീറ്ററിൽ സ്ഥാപിച്ചിട്ടുള്ള ലിഫ്റ്റ് ഇറിഗേഷൻ സിസ്റ്റവും, തുടർന്ന് പരവൂർ കോട്ടപ്പുറം. പൂതക്കുളം ഭാഗത്തേയ്ക്ക് പോകുന്ന 33 കിലോമീറ്റർ വരെയുള്ള കനാലിന്റെ പൂർത്തീകരണവും സാദ്ധ്യമാകുന്നതിലേക്കായി നിവേദനം ലഭിച്ചിരുന്നുവോ; | (എ) | നിവേദനം ലഭിച്ചിരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ തുക കണ്ടെത്തുന്നതിനും, നിർമ്മാണം പൂർത്തീകരിക്കുന്നതിനും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത നിർമ്മാണത്തിന് ആവശ്യമായ പ്രവർത്തികൾക്ക് 4.05 കോടി രൂപയുടെ അടങ്കൽ തയ്യാറാക്കി 13-ാം ധനകാര്യ കമ്മീഷന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ